

ഒക്ടോബർ 2015

# സുവാർത്താദൂതൻ

**ജീവന്റെ ഉറവിടം**

**അവനിൽ (യേശുക്രിസ്തു) ജീവൻ ഉണ്ടായിരുന്നു,**
**ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.**
**വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു.**
**ഇരുളോ അതിനെ പിടിച്ചടക്കിയില്ല.**

യോഹ 1:4,5

Vol . 8 Suvartha Dhodan No. 10

VOL.8 ISSUE 10 OCTOBER 2015

# SUVARTHA DHODAN

Published by The Full Gospel Church of Suvartha

***Printed, Published & Owned by***
V.S. Varghese
Suvartha Dhodan
Mallappally West P.O.
Kerala-689 585
Ph /Fax: 0469-2781845
suvarthamallappally@gmail.com

REPRESENTATIVES

***Chief Editor***
Jiji Daniel

***President***
Abraham John
Ph : 0096599115682

***Vice President***
V.S. Varghese
Ph : 9495555076

***Gen-Secretary***
T.V. Pothen
Ph : 9447525138

DIRECTOR BOARD

***Chairman***
Charley Mathew

***Vice Chairman***
Johnson Vaidyan

***Co-ordinator***
Cherian Joseph (Viji)

***Church Planting, Evangelism, Projects***
Rajan Varghese

***Web Medias***
Shaji Kurien

***Editor***
C.J. Zachariah
9744219341

## ഉള്ളടക്കം

പേജ്

3 എഡിറ്റോറിയൽ ................................................. പാസ്റ്റർ ജിജി ദാനിയേൽ
4 ജീവനും വെളിച്ചവും.......................................പാസ്റ്റർ ഏബ്രഹാം ജോൺ
6 വെളിച്ചത്തിലുള്ളവരായി നടക്കുക .................. പാസ്റ്റർ റ്റി.വി. പോത്തൻ
8 ജീവൻ ...................................... ...............പാസ്റ്റർ വി.എസ്. വർഗ്ഗീസ്
10 വേദപുസ്തക പംക്തി
12 രക്ഷാ നിർണ്ണയം .............................................ഇവാ. സി. ജെ. സഖറിയ
14 Why are christians called to be salt and light?
15 ജീവചരിത്രപംക്തി
16 കുടിച്ചു പായുന്ന കേരളം
19 മരണാനന്തരമുള്ള നിത്യത

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ഞങ്ങളെ ദയവായി എഴുതി അറിയിക്കുക

ഓരോ ലക്കത്തിലെയും പംക്തിയിലെയും ആശയങ്ങൾ അതാത് എഴുത്തുകാരുടേതാണ് -എഡിറ്റർ

The views and ideas expressed in each articles are those of the writer -Editor

***For more details***

The Editor, Suvartha Dhodan
Mallappally West P.O.
Kerala-689 585, Ph/Fax : 0469-2781845
E-mail : suvarthamallappally@gmail.com

പൂർണ്ണസുവിശേഷ സത്യങ്ങൾ ഉദ്ഘോഷിക്കുന്ന
ഒരു ക്രൈസ്തവ മാസിക

പാ. ജിജി ദാനിയേൽ



എഡിറ്റോറിയൽ

# ജീവൻ നൽകുന്ന ക്രിസ്തു

*"അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു"* (യോഹ 1:4)

പ്രിയരെ വേദപുസ്തകത്തിലെ അഞ്ചു പുസ്തകങ്ങളുടെ എഴുത്തുകാരനായ യോഹന്നാൻ (യോഹന്നാൻ എഴുതിയ സുവിശേഷം, യോഹന്നാന്റെ മൂന്നു ലേഖനങ്ങൾ, വെളിപ്പാടു പുസ്തകം) തന്റെ എഴുത്തുകളിലൂടെയെല്ലാം യേശുക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെടുത്തുവാൻ വളരെ ഉത്സാഹിക്കുന്നതായി കാണുവാൻ കഴിയും. മേൽ ഉദ്ധരിച്ച വാക്യത്തെ വിശകലനം ചെയ്തു പഠിക്കുമ്പോൾ മനുഷ്യസൃഷ്ടിയുടെ ആരംഭം മുതൽ ഉള്ള കാര്യങ്ങൾ ചിന്തിക്കുന്നത് നല്ലതാണ്. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (ഉല്പ 2:7) എന്നു നാം വായിക്കുന്നു. മണ്ണു കൊണ്ടു നിർമ്മിക്കപ്പെട്ട മനുഷ്യനിലേക്കു ദൈവത്തിന്റെ ഊത്തിനാൽ സന്നിവേശിക്കപ്പെട്ടതാണ് ജീവൻ എന്ന് കാണുവാൻ കഴിയുന്നു. ഈ ജീവൻ നമുക്ക് നഷ്ടപ്പെടുത്താൻ അനുവാദം ഇല്ല. ഈ ജീവൻ നിത്യജീവനാണ്. എന്നാൽ ആദ്യമനുഷ്യനായ ആദാമിന്റെ അനുസരണക്കേടിനാൽ മരണം ലോകത്തിൽ കടന്നു എന്നും (റോമ 5:12) ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശു ക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും (റോമ 5:17). യേശുക്രിസ്തുവിന്റെ നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. പാപത്താൽ മരണം സംഭവിച്ച മാനവകുലത്തിനു ജീവൻ നൽകാൻ യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു കാൽവറി ക്രൂശിലെ പരമയാഗത്തിലൂടെ തന്റെ അവസാന തുള്ളി രക്തവും ഊറ്റി തന്റെ ജീവൻ മാനവകുലത്തിനു നൽകി.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു (യോഹ 11:25). സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു (യോഹ 6:51)നിത്യജീവൻ ഉള്ളിൽ വന്നവൻ ഇരുട്ടിൽ നടക്കാതെ വെളിച്ചത്തിൽ നടക്കുന്നവനാകും.

*

**മുഖപക്ഷമില്ലാത്ത ക്രിസ്തു**

# ജീവനും വെളിച്ചവും



പാ. ഏബ്രഹാം ജോൺ

അവനിൽ (യേശുക്രിസ്തു) ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചടക്കിയില്ല (യോഹ 1:4-5). ജീവൻ എന്ന പദത്തിന് സമമായി പ്രാണൻ, ദേഹി, ആത്മാവ് എന്നിങ്ങനെ പല പദങ്ങൾ സത്യവേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നു. അർത്ഥവിശേഷങ്ങൾ സൂഷ്മമായി മനസ്സിലാക്കി അവയുടെ വ്യതിരേക ഭാവങ്ങൾ ഗ്രഹിക്കുക ദുഷ്കരമാണ്. ഇവയ്ക്ക് മൂലഭാഷയിൽ പ്രയോഗിച്ചിട്ടുള്ള പദങ്ങളുടെ അർത്ഥമണ്ഡലങ്ങളിലേക്ക് ചുഴിഞ്ഞു നോക്കി അവയുടെ പിന്നിലുള്ള സങ്കല്പങ്ങൾ മനസ്സിലാക്കാൻ പണ്ഡിതന്മാർ പല ശ്രമങ്ങളും നടത്തിയിട്ടുണ്ട് ZOE എന്ന ഗ്രീക്കു വാക്കിന്റെ തർജ്ജമയാണ് ജീവൻ. ജീവന്റെ പരമഭാവം ദൈവത്തിൽ കാണപ്പെടുന്നു. ദൈവം ജീവന്റെ പരമധാമവുമാണ്. മനുഷ്യനായി തീർന്ന ദൈവപുത്രൻ ഈ ജീവന്റെ ഉടമയാണ് (യോഹ 5:26). ഈ ജീവൻ യേശു ലോകത്തിൽ വെളിപ്പെടുത്തി (യോഹ 1:4, 5; 1യോഹ 1:2). മനുഷ്യ വർഗ്ഗത്തിന്റെ ആദ്യമാതാപിതാക്കളായ ആദാം ഹൗവ്വാമാരുടെ ദൈവത്തോടുള്ള അനുസരണക്കേടു നിമിത്തം മനുഷ്യവർഗ്ഗം മുഴുവനും ദൈവത്തിന്റെ ജീവനിൽ നിന്നും അകന്നു പോയി (എഫേ 4:18,19). എന്നാൽ ജീവന്റെ ഉറവിടമായ, നിത്യജീവന്റെ ദാതാവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും ദൈവത്തിന്റെ ജീവനിൽ ഭാഗഭാക്കാകുവാൻ കഴിയും (യോഹ 3:15). ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരുടെ ജീവനാണ് (കൊലൊ 3:4). യേശുക്രിസ്തു ജീവന്റെ അപ്പമാണ് (യോഹ 6:35). ക്രിസ്തുവിന്റെ വചനങ്ങൾ ജീവനാകുന്നു (യോഹ 6:63). ക്രിസ്തുവിൽ വിശ്വസിക്കുന്നവന് വർത്തമാനകാല അനുഭവമായ നിത്യജീവനുണ്ട് (യോഹ 5:24, 1 യോഹ 3:14). ക്രിസ്തുവിന്റെ ഈ ജീവൻ മനുഷ്യന്റെ ശരീരത്തിന്റെ മണ്ഡലത്തിലേക്കും പ്രവേശിക്കും (2 കൊരി 5:4, 2 തിമൊ 1:10). ഈ ജീവൻ വിശുദ്ധിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ രക്തത്താൽ തങ്ങളുടെ പാപങ്ങൾക്ക് കഴുകൽ പ്രാപിച്ചവർക്കു മാത്രമാണ് ദൈവം പ്രദാനം ചെയ്യുന്ന ജീവൻ പ്രാപിക്കുന്നതിന് ഇടയാകുന്നത്.

BIOS എന്ന ഗ്രീക്ക് വാക്ക് പുതിയനിയമത്തിൽ ജീവനെ കാണിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു (മർക്കോ 12:44, ലൂക്കോ 8:43). BIOS എന്ന പദത്തിന്റെ അർത്ഥ വ്യാപ്തിയിൽ ഈ ലോക ജീവിതവും അതിനു വേണ്ട വസ്തുക്കളുമാണ് അന്തർഭവിക്കുന്നത്.

പുതിയനിയമത്തിൽ പലയിടത്തും പ്രാണൻ എന്ന് തർജ്ജമ ചെയ്തിട്ടുള്ള PSUKHE എന്ന ഗ്രീക്കു വാക്കും ചിലപ്പോൾ ജീവൻ എന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട് (മത്താ 6:25, മർക്കോ 10:45, ലൂക്കോ 12:22). യോഹ 10:10ൽ ZOE എന്ന വാക്കും. 10:11ൽ PSUKHE എന്ന വാക്കുമാണ് ഉപയോഗിച്ചിട്ടുള്ളത് യേശുക്രിസ്തുവിന്റെ മാനുഷികമായ ആളത്തത്വത്തിൽ അന്തർഭവി

ച്ചിട്ടുള്ള ജീവനാണ് യോഹ 10:11 ൽ വിവക്ഷിച്ചിരിക്കുന്നത്.

ജീവനുള്ള (അഥവാ ജീവിക്കുന്ന)ദൈവം എന്ന ആശയം പഴയനിയമത്തിൽ ഉടനീളം പ്രകാശിതമാണ്. പരജാതീയരുടെ നിർജ്ജീവങ്ങളായ വിഗ്രഹങ്ങളോട് യിസ്രായേലിന്റെ ദൈവത്തിനുള്ള വ്യതിരേകഭാവം വെളിപ്പെടുത്തുന്ന ഒരു പ്രയോഗമാണ്. ജീവനുള്ള ദൈവം എന്നത്. ദൈവത്തിന്റെ സ്വർഗ്ഗീയമായ ചൈതന്യം മാത്രമല്ല, അവന്റെ സൃഷ്ടിസ്ഥിതി സംഹാരകത്വം മുഴുവനും ഊന്നിപ്പറയുന്ന ഒരു പ്രയോഗമാണിത് (യോശു 3:10, യിരെ 10:10,യെശ 46:4-7). യഹോവ ജീവനുള്ള വെള്ളത്തിന്റെ ഉറവയാണ് (യിരെ 17:13, സങ്കീ 36:9). ദൈവം ജീവന്റെ വഴി നമുക്ക് കാണിച്ചു തരുന്നു (സങ്കീ 16:11; സ.വാ 5:6). ദൈവം കൊല്ലുകയും ജീവിപ്പിക്കയും ചെയ്യുന്നവനാണ് (ആ.വ 32:39; 1 ശമു 2:6, 2 രാജാ 5:7). ദൈവത്തിന്റെ ശ്വാസം മനുഷ്യന്റെ ജീവനാണ് ( ഉൽ 2;7, വെളി 11:11). മനുഷ്യൻ ദൈവത്തെ അനുസരിക്കുന്നത് ജീവനെയും, മനുഷ്യന്റെ ദൈവത്തോടുള്ള അനുസരണക്കേട് മരണത്തെയും വിളിച്ചു വരുത്തുന്നു (യെഹ 18, ഉൽ 3:17, 22). നീതി ജീവനായും, ദോഷം മരണത്തിനായും പ്രവർത്തിക്കുന്നു (സങ്കീ 11:19). ചുരുക്കത്തിൽ വേദപുസ്തകത്തിലെ പഴയ, പുതിയ നിയമങ്ങൾ ആകെക്കൂടി നോക്കുമ്പോൾ ജീവൻ എന്ന ആശയം മുഖ്യമായും മൂന്നു തരമായി തിരിച്ചു മനസ്സിലാക്കാവുന്നതാണ്. 1). ശാരീരികമായ ജീവൻ (ഉൽ 6:17, പുറ 1:14). 2). ആത്മീക ജീവൻ (റോമർ 8:6, കൊലൊ 3:3.). 3). നിത്യജീവൻ (എഫെ 2:5-10). സർവ്വോപരി സകല ജീവന്റെയും ഉത്ഭവസ്ഥാനം ക്രിസ്തുവാണ് എന്ന സത്യവും വേദപുസ്തകം വളരെ വ്യക്തമായി നമ്മുടെ കൺമുമ്പിൽ വരച്ച ുകാണിക്കുന്നു (യോഹ 1:4; 11:25, കൊലൊ 3:4)

**ജീവപുസ്തകം.** ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി 20:12,15, ലൂക്കോ 10:20). മനുഷ്യവർഗ്ഗത്തിന്റെ ആദ്യപിതാവായ ആദാമിന്റെ ദൈവത്തോടുള്ള അനുസരണക്കേടു നിമിത്തം മരണവും നിത്യമരണമായ നരകവും ആദാമ്യസന്തതിപരമ്പരകളുടെ മേൽ യുഗങ്ങളായി വന്നു പതിച്ചിരിക്കുന്നു. എന്നാൽ ജീവന്റെ ഉറവിടവും നിത്യജീവ ദാതാവുമായ യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിൽ ചൊരിഞ്ഞ പാപമില്ലാത്ത രക്തത്തിൽ തങ്ങളുടെ പാപങ്ങൾക്ക് കഴുകൽ പ്രാപിച്ച് ദൈവമക്കളായി തീരുന്നവരുടെ പേർ ദൈവം സ്വർഗ്ഗത്തിൽ സൂക്ഷിക്കുന്ന ജീവ പുസ്തകത്തിൽ രേഖപ്പെടുത്തിവെയ്ക്കുന്നു. ഈ പുസ്തകത്തിൽ പേരില്ലാത്ത ഏവനേയും ദൈവത്തിന്റെ അന്ത്യന്യായവിധി ദിവസത്തിൽ ശിക്ഷ വിധിച്ച് നിത്യനരകത്തിലേക്ക് തള്ളിക്കളയുമെന്ന് മുകളിൽ ഉദ്ധരിച്ച വേദഭാഗം വെളിച്ചം വീശുന്നു.

**ജീവവൃക്ഷം.** ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയ ഏദെൻ തോട്ടത്തിലുണ്ടായിരുന്ന ഒരു വിശേഷപ്പെട്ട വൃക്ഷമാണ് ജീവവൃക്ഷം (ഉൽ 2:9, 3:22, 25). അതിന്റെ ഫലം ഭക്ഷിക്കുന്നവർ അമർത്യരായിരിക്കും. വെളിപ്പാടു പുസ്തകത്തിൽ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്ന പുതിയ യെരുശലേമിലെ ജീവജലനദിയുടെ അക്കരെയും ഇക്കരെയും ജീവവൃക്ഷം നിൽകുന്നതായി വർണ്ണിച്ചിരിക്കുന്നു (വെളി 22:2, 14,19; വെളി 2:7)മനുഷ്യന്റെ പാപം നിമിത്തം അവന് നഷ്ടപ്പെട്ട ജീവവൃക്ഷവും അതിന്റെ ഫലങ്ങളും പറുദീസയും എല്ലാം യേശുക്രിസ്തുവിലൂടെ തിരികെ ലഭിക്കുന്ന ദൈവീക പദ്ധതി വളരെ വ്യക്തമായി വേദപുസ്കം വരച്ചു കാണിക്കന്നു.

**വെളിച്ചം.** ബൈബിളിൽ സന്തോഷം, അനു

ശേഷം പേജ് **11**ൽ

# വെളിച്ചത്തിൽ ഉള്ളവരായി നടക്കുക

പാ. റ്റി.വി. പോത്തൻ



'മുമ്പെ നിങ്ങൾ ഇരുളായിരുന്നു ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. കർത്താവിനു പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവീൻ. സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികളാകരുത്; അവയെ ശാസിക്കയത്രേ വേണ്ടത്' (എഫെ 5:8-11). ഇരുട്ട് മറച്ചുവെക്കുന്ന സംഗതികളെയെല്ലാം വെളിച്ചം തുറന്നു കാണിക്കുന്നു. ഈ സത്യം പൗലോസ് അപ്പൊസ്തലൻ എഫെ 5:7-14 വരെയുള്ള ഭാഗത്ത് വളരെ വ്യക്തമായി പരിശുദ്ധാത്മ നിറവിൽ രേഖപ്പെടുത്തിയിരിക്കുന്നു. എഫേസ്യ ലേഖനം 4-6 വരെയുള്ള അദ്ധ്യായങ്ങളിൽ ക്രിസ്തുവിൽ വിശ്വസിച്ച് ദൈവമക്കളായി തീരുന്നവരുടെ ജീവിതചര്യ എങ്ങനെയുള്ളതായിരിക്കേണമെന്ന് വരച്ചു കാണിക്കുന്നു. ഒരു ദൈവപൈതൽ കാത്തു സൂക്ഷിക്കേണ്ട ഈ ഉന്നത നിലവാരം സുവിശേഷ കേൾവിയാൽ നമ്മിൽ ഉരുവായി തീരേണ്ടതും (എഫേ 2:8-10), അങ്ങനെ ദൈവമഹത്വം സഭയിലൂടെ വെളിപ്പെടുത്തേണ്ടതും (എഫെ 1:3-14), നമ്മിലേക്ക് ദൈവകൃപ പകർന്ന ദൈവത്തിന് ഏറ്റവും പ്രസാദകരവുമാണ് (എഫേ 5:10).

വെളിച്ചവും ഇരുട്ടും പൗലോസിന്റെ ലേഖനങ്ങളിൽ വളരെ പ്രകടമായി പ്രതിപാദിച്ചിരിക്കുന്നു. ഈ രണ്ടു വിഷയങ്ങളും സുവിശേഷങ്ങളിലും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും മുഖ്യസ്ഥാനം പിടിച്ചു പറ്റുകയുണ്ടായി. ഈ വിഷയങ്ങൾ പഴയ നിയമത്തിലും അതിന്റേതായ പ്രാധാന്യത്തോടെ കൈകാര്യം ചെയ്തിരിക്കുന്നു. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്ത് ഒരുവൻ ക്രിസ്തുവിലൂടെ പുതു സൃഷ്ടിയാകുന്നതിനു മുമ്പുള്ള പ്രവർത്തികളെ അന്ധകാരത്തോടും അതിനുശേഷമുള്ളവയെ വെളിച്ചത്തോടും ഉപമിച്ചിരിക്കുന്നു. ഇരുട്ടിന്റെ മക്കളായി ജീവിക്കാതെ വെളിച്ചത്തിന്റെ മക്കളായി ജീവിക്കുക എന്നതിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കുന്നത് അതീവ പ്രാധാധ്യമുള്ളതു തന്നെയാണ്.

ഒരുവൻ ക്രിസ്തുവിലാകുമ്പോൾ അവനിൽ സംഭവിക്കുന്ന അത്ഭുതകരമായ രൂപാന്തരത്തെ ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കുള്ള മാറ്റമായി പൗലോസ് വർണ്ണിക്കുന്നു. യേശുക്രിസ്തുവിലൂടെ രക്ഷ പ്രാപിക്കുന്നത് ഒരു നിസ്സാര സംഗതിയായിട്ടല്ല വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിച്ച വ്യക്തിക്ക് പഴയ അവസ്ഥയിൽ നിന്നും ഒരു മെച്ചപ്പെടൽ മാത്രമല്ല സംഭവിക്കുന്നത്, പിന്നെയോ ഒരു സമൂലമായ രൂപാന്തരമാണ് സംജാതമാകുന്നത്. അവർക്ക് മരണത്തിൽ നിന്നും വിടുതലും അതിനോടൊപ്പം നിത്യജീവനും ലഭിക്കുന്നു; കൂടാതെ പാപജീവിതത്തിൽ നിന്നും വിടുതലും സൽപ്രവർത്തികൾക്ക് ഓഹരിക്കാരായും അവർ ആയി തീരുന്നു (എഫെ 2:1-10). അവരെ പാപത്തിനും സാത്താനും അടിമകളായിരുന്ന അവസ്ഥയിൽ നിന്നും ജീവനുള്ള ദൈവത്തി

ന്റെ മക്കളെന്ന വിശേഷ പദവിയിലേക്ക് കൊണ്ടുവന്നിരിക്കുന്നു (യോഹ 1:12, എഫേ 2:11-22, റോമ 8:1-25). നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിനു യോഗ്യമാകുംവണ്ണം നടന്നു ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരേണമെന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണതയ്ക്കും ദീർഘക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനു ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണമെന്നും.. നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം (കൊലൊ 1:1013).

നാം ക്രിസ്തുവിൽ ആയപ്പോൾ ഉണ്ടായ അവസ്ഥയിൽ വന്ന മാറ്റം നമ്മുടെ സ്വഭാവത്തിലും പ്രവർത്തനമേഖലകളിലും വളിപ്പെടേണ്ടതാണ്. നമ്മെ വിളിച്ച വിളിക്ക് യോഗ്യമാം വണ്ണം നാം നടക്കേണ്ടതാണ് (എഫെ. 4:1).

ഒരു ദൈവപൈതലിന്റെ നടപ്പ്, അഥവാ ജീവിത ശൈലി എങ്ങനെ ആയിരിക്കണമെന്ന് എഫേ 4,5 അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. അവർ സഹ വിശ്വാസികളോട് യോജിച്ചുംകൂട്ടായ്മയിലും നടക്കേണം (എഫേ 4:1-16); ഒരു അവിശ്വാസിയുടെ ജീവിത ശൈലിയിൽ നിന്നും തികച്ചും വ്യത്യസ്തമായ നടപ്പ് വിശ്വാസിയുടേത് ആയിരിക്കേണം (4: 17-32). സ്നേഹത്തിൽ നടക്കേണം (5:1-6). വെളിച്ചത്തിന്റെ മക്കളായി നടക്കേണം (5:7-14). ക്രിസ്തീയ സഭാ ചരിത്രത്തിൽ ഒരു ഇരുണ്ടകാലഘട്ടം തന്നെ നടമാടുകയുണ്ടായി. ലോകത്തിൽ ക്രിസ്തുവിനെയും അവന്റെ വചനത്തെയും വെളിപ്പെടുത്തുന്നതിനു പകരം, ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും, ബിംബാരാധനയും, ലോകമയത്വവും, ഭീതിയും അന്ധകാരവും ഭൂരിപക്ഷം നാമധേയക്രിസ്ത്യാനികളെ ഗ്രസിച്ചിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ മാറ്റമില്ലാത്ത വചനത്തിലും സ്വഭാവത്തിനും മാനദണ്ഡനങ്ങൾക്കും ഒരിക്കലും വ്യതിയാനം സംഭവിക്കുന്നില്ല. യേശുവിന്റെ യഥാർത്ഥ ശിഷ്യനായി തീരുന്നതിനും യേശു പ്രദാനം ചെയ്യുന്ന നിത്യ ജീവനും പ്രകാശത്തിനും ഓഹരിക്കാരായി തീരുന്നതിന് അത് അർഹിക്കുന്ന വില കൊടുക്കേണ്ടതായുണ്ട് എന്ന് യേശു തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി (ലൂക്കോ 9:23-24, 57-62, 14:25). ഒരുവൻ ക്രിസ്തുവിലായി തീർന്നാൽ അവന്റെ ചിന്താഗതികൾക്കും വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും സ്വഭാവത്തിനും ലക്ഷ്യത്തിനും എല്ലാം അടിമുടി വ്യത്യാസം ഉണ്ടാകുന്നു. മനുഷ്യന്റെയും മതങ്ങളുടെയും മതാചാര്യന്മാരുടെയും ആത്മീക, രാഷ്ട്രീയ നേതാക്കന്മാരുടെയും നിലവാരങ്ങളിൽ നിന്നും പകലും രാത്രിയും പോലെ വ്യത്യസ്തമായ, ദൈവത്തിന്റെ മനുഷ്യരോടുള്ള വെളിപ്പാടായ ദൈവവചനപ്രകാരമുള്ള ജീവിതരീതിയാണ് സൃഷ്ടിതാവായ ദൈവം നമ്മെക്കുറിച്ച് വിഭാവന ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഉറങ്ങുന്നവനെ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും (5:14) മനുഷ്യവർഗ്ഗത്തിന്റെ ആദ്യമാതാപിതാക്കളായ ആദാമിന്റെയും ഹൗവ്വയുടെയും ദൈവത്തോടുള്ള അനുസരണക്കേടു നിമിത്തം മനുഷ്യഹൃദയങ്ങളെയും അവന്റെ പ്രവർത്തന അധിവാസമേഖലകളെയും ഇരുട്ടിന്റെ അധികാരിയായ സാത്താന്റെ വ്യാപാരമായ അന്ധകാരം പിടിമുറുക്കി. എന്നാൽ ലോക

ശേഷം പേജ് 11-ൽ

# ജീവൻ

പാ. വി. എസ്സ്. വറുഗീസ്



ചില വർഷങ്ങൾക്ക് മുമ്പ് ജവഹർലാൽ നെഹ്റു അമേരിക്ക സന്ദർശിക്കുമ്പോൾ, മഹാശാസ്ത്രജ്ഞനായ ഐൻസ്റ്റിനെ സന്ദർശിച്ചു. അവർ രാഷ്ട്രീയവും യാത്രാപരവുമായ കാര്യങ്ങൾ സംസാരിച്ചു. ആയതിനു ശേഷം ജീവിതത്തിന്റെ അർത്ഥം താങ്കൾ കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യം നെഹ്റു ഐൻസ്റ്റിനോട് ചോദിക്കുകയുണ്ടായി. ഐൻസ്റ്റിൻ ശിരസ്സ് നമിച്ച് ഇല്ല എന്ന മറുപടി നൽകി. മനുഷ്യർ പലപ്പോഴും ചോദിക്കാറുള്ള ചോദ്യങ്ങളാണ്, ഞാൻ എന്തിനാണ് ജനിച്ചത്? ദൈവം എന്നെ സൃഷ്ടിച്ചതെന്തിനാണ്? ഞാൻ ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം എന്താണ്?

**ജീവിതത്തിന്റെ നിർവ്വചനം.** ജീവനെ നിർവ്വചിക്കാൻ പ്രയാസമാണ്. പരിമിതമായ ഒരു കാലഘട്ടത്തേക്ക് ദൈവത്തിങ്കൽ നിന്നും കടം കൊണ്ടിട്ടുള്ള ഒന്നാണ് ജീവിതം. യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. (ഇയ്യോ 1:27). ജീവൻ എന്ന് പറയുന്നത് ദൈവം നൽകിയ അഭൗതികമായ ഒരു ദാനമാണ്. അതിനെ കാണുവാനോ, തൊടുവാനോ, അതിനോടു വില പേശുവാനോ നമുക്ക് സാദ്ധ്യമല്ല. വസ്തുമയമല്ലാത്തതും ദുർബലമായതുമായ ഒന്നത്രെ മനുഷ്യദൃഷ്ടിയിൽ ജീവൻ. ഇന്ന് കാണുന്നതും നാളെ കാണപ്പെടാത്തതുമായ ഒന്നാണ് ജീവൻ.

**ജീവന്റെ ആരംഭം.** ജീവന്റെ ആരംഭം എങ്ങനെയാണ് സംഭവിക്കുന്നത് എന്ന്മനസ്സിലാക്കുന്നതിന് വേദപുസ്തകം വെളിപ്പെടുത്തുന്ന ഏദൻ തോട്ടത്തിലേക്കും മനുഷ്യ സൃഷ്ടിയിലേക്കും ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (ഉൽ 2:7). എല്ലാ ജീവന്റെയും ഉറവിടം ദൈവമാണ്. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു (1 യോഹ 5:20) സർവ്വശക്തനായ ദൈവത്തിന്റെ സ്വഭാവ സവിശേഷതകളിൽ ഒന്നാണ ്ജീവൻ. ദൈവത്തിന്റ പ്രകൃതി തന്നെ ജീവനാണ്.

**ജീവന്റെ തരംതിരിവുകൾ.** സത്യവേദപുസ്തകം ത്രിവിധ ജീവനെപ്പറ്റി പറയുന്നു. 1. ശാരീരിക ജീവൻ - സൃഷ്ടി സമയത്ത് മനുഷ്യന് ലഭിക്കുന്ന ജീവനാണിത്. 2. ആത്മിക ജീവൻ - യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ വിശ്വാസിക്കു ലഭിക്കുന്ന പുതുജീവനാണത്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു (എഫേ 2:1). മാനസാന്തരപ്പെടുന്ന പാപിക്ക് ദൈവത്തിങ്കൽ നിന്നും ലഭ്യമാകുന്ന ദാനമാണ് ഈ ജീവൻ. 3. നിത്യജീവൻ- ദൈവപ്രകൃതിയും ദൈവത്തിന്റെ സ്വഭാവഗുണവുമാണത്.

**ജീവന്റെ ദൈർഘ്യം.** ഉൽപ്പത്തി 5-ാം അദ്ധ്യായത്തിൽ നോഹയുടെ കാലത്തുണ്ടായ ജലപ്രളയത്തിനു മുമ്പ് മനുഷ്യന്റെ ജീവിത ദൈർഘ്യം ശരാശരി 846 സംവത്സര മായിരുന്നു എന്ന് മനസ്സിലാക്കാം. ഉൽപ്പത്തി 11ൽ ജലപ്രളയത്തിനു ശേഷം മനുഷ്യായുസ്സ് 393 സംവത്സരമായി കുറഞ്ഞതായി കാണുന്നു. മോശെയുടെ കാലം ആയപ്പോഴേക്കും, 'ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം ഏറെയായാൽ എൺപതു സംവത്സരം അതിന്റെ പ്രതാപം പ്രയാസവും ദുഖവുമത്രേ' (സങ്കീ 90:10) എന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. എന്റെ ആ

യുസ് എത്ര ചുരുക്കമെന്ന് ഓർക്കേണമേ (സങ്കീ 89:47). സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു (ഇയ്യോ 14:1). ദൈവം തന്റെ ഇഷ്ടത്തിന്റെ പരമാധികാരത്തിൽ നമ്മുടെ ആയുസ്സിന്റെ ദൈർഘ്യത്തെ നിയമിച്ചിരിക്കുന്നു. മരണം ഏതു സമയത്തും നമ്മെ എത്തിപ്പിടിക്കും. അതുകൊണ്ട് ക്രിസ്തുവിലൂടെ ദൈവം ഒരുക്കുന്ന നിത്യജീവന് ഓഹരിക്കാരായി തീരുന്നതിന് നാം ജീവനോടെ ആയിരിക്കുമ്പോൾ തന്നെ യേശുവിനെ നമ്മുടെ ഉള്ളിലേക്ക് സ്വീകരിച്ച് യേശുവിന്റെ രക്തം കൊണ്ട് നമ്മുടെ പാപങ്ങൾക്ക് കഴുകൽ പ്രാപിച്ച് ദൈവവചനപ്രകാരം നമ്മുടെ ജീവിതത്തെ ക്രമീകരിക്കേണ്ടതാണ്.

മനുഷ്യന്റെ ഈ ലോകജീവിതത്തെ ഒരു യാത്രയോടും (ഉൽ 47:9), സ്വപ്നസമാനമായും (സങ്കീ 73:20), നിഴലിനോടും (സ.പ്ര 6:12), നീരാവിയോടും (യാക്കോ 4:14), വളരെ വേഗം കഥ പറഞ്ഞിട്ട് മറ്റൊരു രസകരമായ കഥയിലേക്ക് പ്രവേശിക്കുന്നതിനോടും (സങ്കീ 90:9). നിലത്ത് ഒഴിച്ചു കളഞ്ഞവെള്ളത്തോടും (2 ശമു 14:14), പൂവിനോടും (ഇയ്യോ 14:1,2) തുലനം ചെയ്ത് വേദപുസ്തകത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും, കഷ്ടസമ്പൂർണ്ണനും ആകുന്നു. അവൻ പൂ പോലെ വിടർന്ന് കൊഴിഞ്ഞു പോകുന്നു. നിലനിൽക്കാതെ നിഴൽ പോലെ ഓടിപ്പോകുന്നു (ഇയ്യോ 14:1,2). ആദ്യം നാമ്പ്, പിന്നെ ഇല, അതെത്തുടർന്ന് മനോഹരമായ മൊട്ട് വരികയും അതിന്റെ മനോഹാരിത നാം ദർശിക്കുകയും ചെയ്യുന്നു. ആയതിന് ശേഷം ആ പൂവ് വേഗത്തിൽ വാടിപ്പോകുന്നു. ചില പൂക്കൾ ഒരിക്കലും വിരിയുന്നില്ല, അതിന്റെ ആദ്യയാമത്തിൽ തന്നെ അത് കരിഞ്ഞ് വാടിപ്പോകുന്നു.

**ജീവിതംകൊണ്ടുള്ള ഉദ്ദേശം.** നീണ്ട നിത്യതയ്ക്കായി ഒരുങ്ങേണ്ടതിന് നൽകപ്പെട്ട നൈമിഷികമായ വേളയത്രേ ജീവിതം. ചുരുക്കവും, മാഞ്ഞുപോകുന്നതുമായ ഈ സമയത്തിനുള്ളിൽ ഒരു ചോദ്യത്തിന് നാം ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇന്നു മരിച്ചാൽ നിന്റെ നിത്യത നീ എവിടെ ചെലവാക്കും? സ്വർഗ്ഗവും നരകവും നിത്യമായിട്ടുള്ളതാണ്. ആദാമിന്റെ ദൈവത്തോടുള്ള അനുസരണക്കേടു നിമിത്തം ആദാമ്യ സന്തതി പരമ്പര മുഴുവനും ജന്മനാ സാത്താന്റെ മക്കളും നിത്യനരകത്തിന് ഓഹരിക്കാരായും തീർന്നു. ആദാം പാപം ചെയ്യുന്നതിനു മുമ്പ് അവൻ ഒരു പൂർണ്ണമനുഷ്യനായിരുന്നു. പൂർണ്ണ മനുഷ്യന്റെ ദൈവത്തോടുള്ള അനുസരണക്കേടു നിമിത്തം മരണവും രോഗവും നരകവും മനുഷ്യന്റെ മേൽ വന്നു പതിച്ചു. എന്നാൽ കരുണാമയനായ ദൈവം ത്രിത്വത്തിൽ രണ്ടാമനായ തന്റെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിനെ ആദാമിന്റെ,രക്തവുമായി യാതൊരു ബന്ധവുമില്ലാതെ, പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായി കാലസമ്പൂർണ്ണതയിൽ കന്യകാ ജനനം എടുത്ത് മനുഷ്യനെ നിത്യസ്വർഗ്ഗത്തിന് അവകാശിയാക്കി തീർക്കുന്നതിന് ആവശ്യമായതെല്ലാം നിവർത്തിക്കുകയുണ്ടായി. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ നിത്യനരകത്തെ വിട്ടുമാറി, നിത്യസ്വർഗ്ഗത്തിന് അവകാശികളായി തീരുന്നു. യേശു നമ്മുടെ ജീവിതത്തിൽ പ്രവേശിക്കുന്നതോടെ അവിടുന്ന് പാപത്തെ നീക്കി നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുന്നു. യേശുക്രിസ്തു വസിക്കുന്ന ഹൃദയം നിത്യജീവനുള്ള ഹൃദയമാണ്. അത് ഒരുനാളും നശിക്കയില്ല. ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വെളി 3:20). ഈ ഭൂമിയിൽ നാം ജീവനോ ടെ ആയിരിക്കുമ്പോഴും, യേശുക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിനും മുമ്പ് നമ്മുടെ ഹൃദയം തനിക്കായി തുറക്കുന്നതിന് ഏവർക്കും ഇടയാകട്ടെ.

*

വേദപുസ്തക പംക്തി

# ചെറിയ പ്രവാചകരും വലിയ ദൗത്യവും

## ആമോസ് പ്രവാചകന്റെ പ്രസംഗം

### ഒബദ്യാവ്- സഹോദരദ്വേഷത്തിന്റെ ദുരന്തം

പഴയനിയമത്തിലെ ഏറ്റവും ചെറിയ ഗ്രന്ഥമാണ് ഒബദ്യാവ്. ഏദോമിനോടുള്ള ദൈവീകമായ അരുളപ്പാടുകളാണ് ഉള്ളടക്കം. യഹോവയുടെ ആരാധകൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. ബി.സി 6-ാം നൂറ്റാണ്ടാണ് പ്രവചന കാലം. അദ്ദേഹത്തിന്റെ പ്രവചന ശുശ്രൂഷ നടത്തിയ പ്രദേശം യഹൂദ്യയാണ്.. പ്രവാചകനെപ്പറ്റി മറ്റൊന്നും വ്യക്തമല്ല. ഏദോമിന്റെ നാശവും, യിസ്രയേലിന്റെ സംരക്ഷണവും ഒബദ്യാവും ചുരുങ്ങിയ വാക്കുകളിൽ വ്യക്തമാക്കുന്നു. ഊരും, വിവരങ്ങളും കാലത്തിന്റെ ഒഴുക്കിൽ മറയ്ക്കുന്നെങ്കിലും ദൈവീക ശബ്ദം ഈ പ്രവചനത്തിൽ ശക്തമായി പ്രതിധ്വനിക്കുന്നു.

**1. യാക്കോബും ഏശാവും.** യാക്കോബും ഏശാവും ഇരട്ട സഹോദരന്മാരായിരുന്നു. യിസ്ഹാക്കിനു റിബേക്കയിൽ ജനിച്ച പുത്രന്മാർ. അവർ തമ്മിലുണ്ടായ വൈരം തീരാപ്പകയായി, പരമ്പരയായി തലമുറകളിൽ നിലനിന്നു. ഗർഭസ്ഥ ശിശുക്കളെപ്പറ്റി റിബേക്കക്ക് ലഭിച്ച അറിവു രണ്ടു വംശങ്ങൾ അഥവാ വിഭിന്ന ജാതികൾ അവളിലുണ്ട് എന്നായിരുന്നു (ഉല്പ 25:23). അവർ ഒരുമിച്ചു വളർന്നു. വിരുദ്ധമായ സ്വഭാവം അവർ പുലർത്തി. യാക്കോബ് ഇടയനും, ഏശാവ് നായാട്ടുകാരനും എന്നു മാത്രമല്ല, അവരുടെ പൈതൃക പാരമ്പര്യത്തിൽ തുലോം വ്യത്യസ്തങ്ങളായ ഘടകങ്ങൾ ഉണ്ടായിരുന്നു. പയറുപായസത്തിനായി ഏശാവു ജ്യേഷ്ഠാവകാശം വിറ്റുകളയുകയും, അനുഗ്രഹം നഷ്ടപ്പെടുത്തുകയും ചെയ്തു. ബാല്യത്തിലെ വിരോധം, അവർ മുതിർന്നു വന്നപ്പോൾ ശക്തമായി തീരുകയാണുണ്ടായത്. യാക്കോബ് വിശന്നു വന്ന സഹോദരനോട് ദയ കാട്ടിയില്ല. അന്ധനായിരുന്ന പിതാവിനെ വഞ്ചിക്കുകയും ചെയ്തു. പുത്ര വധത്തിൽ കാര്യങ്ങൾ അവസാനിക്കാതിരിക്കുവാൻ റിബേക്ക തന്ത്രപൂർവ്വം യാക്കോബിനെ പദ്ദൻ -ആരാമിലേക്കും പറഞ്ഞയച്ചു. ഈ സഹോദരന്മാർ തമ്മിലുണ്ടായ ഭിന്നത രണ്ടു രാജ്യങ്ങൾ തമ്മിൽ – യിസ്രയേലും ഏദോമും തീരാപ്പകക്കും നിദാനമായി ഭവിച്ചു.

**2. യിസ്രയേലിനെതിരെ ഏദോം.** നൂറ്റാണ്ടുകൾ ചിലതു പിന്നിട്ടു. യിസ്രയേൽ ഏദോമിന്റ ഒരതിരിൽ എത്തിയപ്പോൾ, ഞങ്ങൾ രാജ്യത്തിലൂടെ കടന്നുപോകട്ടെ യാതൊരു നഷ്ടവും വരുത്തികയില്ല എന്ന് യിസ്രയേൽ അപേക്ഷിച്ചു. ധിക്കാരപരമായ തിരസ്കരണമാണ് അനുഭവപ്പെട്ടത്. എന്റെ നാട്ടിൽ കൂടി കടക്കരുത്, കടന്നാൽ ഞാൻ വാളുമായി നിന്റെ നേരെ പുറപ്പെടും (സംഖ്യ 20:18). അതിനാൽ യിസ്രയേൽ ജനം ഏദോമിനെ ചുറ്റി ദീർഘദൂരം സഞ്ചരിച്ചു ക്ലേശം അനുഭവിക്കേണ്ടി വന്നു. അങ്ങനെ ഏദോം കാഠിന്യം കാട്ടി. പിൽക്കാലത്ത് ഏദോമ്യർ യിസ്രയേലുമായി സംഘട്ടനത്തിനു മുതിർന്നിട്ടുണ്ട്. ശൗൽ ഏദോമിനോട് ഏറ്റുമുട്ടി. ദാവീദു ഏദോമ്യരെ ആക്രമിച്ചു. ഇങ്ങനെ ഈ വിരുദ്ധ ഭാവം അസ്തമിക്കാതെ തുടർന്നു പോന്നു.

ബി.സി 586ൽ നെബുഖദ്നെസ്സർ ആക്രമിച്ചു യരുശലേം നശിപ്പിക്കയും വളരെ സംഹാരം നടത്തുകയും ചെയ്തപ്പോൾ, യാതൊരു സഹതാപവും ഏദോം കാട്ടിയില്ല എന്നു മാത്രമല്ല, ഈ വലിയ നാശത്തിൽ സന്തോഷിക്കുകയും ഒഴിഞ്ഞു മാറുകയും ചെയ്തു. സഹോദരത്വം ഓർക്കാതെ ഉച്ചത്തിൽ ചിരിച്ചു എന്നാണ് ഏദോമിനെപ്പറ്റി പറയുന്നത്. ആപത്തിൽ സഹായിക്കാതിരിക്കുക, പരിഹസിക്കുക

ശേഷം പേജ് 17-ൽ

തുടർച്ച പേജ് 5- ൽ നിന്നും

ഗ്രഹം, ജീവൻ എന്നിവയെ വ്യഞ്ജിപ്പിക്കുന്ന പദമാണ് വെളിച്ചം. സർഗ്ഗാത്മകമായ ഈശ്വര വചസ്സിൽ നിന്നാണ് വെളിച്ചം ജനിച്ചത് (ഉൽ 1:3,4, ഇയ്യോ 10:22, 18:5,6). ദൈവത്തിന്റെ സന്നിദ്ധ്യത്തിന്റെയും പ്രസാദത്തിന്റെയും പ്രതീകമാണ് വെളിച്ചം (സങ്കീ 27:1, യെശ 9:2, 2 കൊരി 4:6). നന്മതിന്മകളെ വെളിച്ചവും ഇരുളുമായി രൂപണം ചെയ്ത് വേദപുസ്തകത്തിൽ വിവിധ ഇടങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. (ലൂക്കോ 16:8, യോഹ 3:19–21, 12:35, 36, 2 കൊരി 6:14). ദൈവീക ന്യായവിധിയുടെ പ്രതീകമായി ഇരുട്ടിനെ വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നു (ആമോ 5:18). ഇരുളും വെളിച്ചവും തമ്മിലുള്ള ഈ ദന്ദ്വഭാവം പുതിയനിയമകാലത്തെ യഹൂദിയ ചിന്തകളുടെ സവിശേഷതയായിരുന്നുവെന്ന് ചാവുകടൽ ചുരുളുകളിൽ പെട്ട The war of the sons of light and the sons of darkness എന്ന കൃതി തെളിയിക്കുന്നു.

ദൈവത്തിന്റെ വിശുദ്ധിയെ വെളിച്ചമായി വേദപുസ്കം വർണ്ണിക്കുന്നു (1തിമൊ 6:16, 1 യോഹ 1:5). വെളിച്ചത്തിന്റെ മക്കൾ എന്ന എബ്രായ ശൈലി ഈ ആശയം ദ്യോതിപ്പിക്കുന്നു (എഫെ 5:8,9). യോഹന്നാൻ സുവിശേഷത്തിൽ വെളിച്ചം ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തെയും പാപത്താൽ ഇരുളടഞ്ഞ ജീവിതങ്ങളിലെ ദൈവസ്നേഹത്തിന്റെ പ്രസരണത്തെയും കുറിക്കുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്ന് യേശുക്രിസ്തു പ്രഖ്യാപിക്കുകയുണ്ടായി (യോഹ 8:12, 9:5, 12:46). ഈ വെളിച്ചം ക്രിസ്തുവിലൂടെ പ്രാപിച്ചവർ അന്ധകാരം നിഴലിട്ടിരിക്കുന്ന ലോകത്തിൽ സാക്ഷാൽ വെളിച്ചമായ ക്രിസ്തുവിന്റെ വെളിച്ചങ്ങളായി പ്രശോഭിക്കുന്നു.

*

തുടർച്ച പേജ് 7-ൽ നിന്നും

ത്തിന്റെ അന്ധകാരത്തെ മാറ്റുന്ന സാക്ഷാൽ വെളിച്ചം യേശു ക്രിസ്തുവാണെന്ന് താൻ തന്നെ അവകാശപ്പെടുകയും ആയത് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് നടന്ന കാൽവറിയാഗ പുനരുത്ഥാനങ്ങളിലൂടെ പ്രവർത്തി പഥത്തിൽ കൊണ്ടുവരികയും ചെയ്തു. യേശുവിന്റെ ഈ ഭൂമിയിലെ പരസ്യ ശുശ്രൂഷാ വേളയിൽ ഇരുട്ടിൽ ഇരുന്ന ജനം വലിയൊരു പ്രകാരം കണ്ടു എന്ന് പരിശുദ്ധാത്മാവ് വേദപുസ്തകത്തിൽ ആലേഖനം ചെയ്തിരിക്കുന്നു (മത്താ 4:12–16). ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും (യോഹ 8:12). ഇരുട്ടിന്റെ പ്രവർത്തികളെ അഴിപ്പാൻ തന്നെ മനുഷ്യപുത്രൻ പ്രത്യക്ഷനായി എന്ന് യേശു വിളംബരം ചെയ്തു.

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് ദൈവമക്കളായി തീർന്നവർ ലോകത്തിന്റെ വെളിച്ചമായി ജീവിക്കണമെന്ന് യേശു ആവശ്യപ്പെടുകയുണ്ടായി. മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ 5:14–16). യഹൂദ മതത്തിന്റെ വക്താവായിരുന്ന പണ്ഡിത കേസരിയും റോമാ പൗരനും സെന്നദ്രീം സംഘത്തിലെ അധികാര ശൃംഖലയിലും ഉൾപ്പെട്ട് യേശുവിൽ വിശ്വസിച്ചവരെ ഉന്മൂലനാശം ചെയ്യുന്നതിനായി ഇറങ്ങിതിരിച്ച ശൗൽ യേശുവിന്റെ ദർശനത്തിൽ ഒരു പുതിയ സൃഷ്ടിയായി തീർന്ന് ജാതികളുടെ വെളിച്ചമായി ദൈവം അവനെ ആക്കി തീർത്തു. യേശുക്രിസ്തു നൽകുന്ന ഇപ്രകാരമുള്ള നിത്യമായ മാറ്റത്തിന് അവകാശികളായി നമുക്ക് ആയി തീരാം.

# രക്ഷാ നിർണ്ണയം

ഇവാ. സി. ജെ. സഖറിയ

**ലോ**കത്തിന്റെ അഞ്ചുവൻകരകളിലും ക്രിസ്തീയ സഭ വളർന്നു പന്തലിച്ച്, ഏറ്റവും വലിയ മതവിഭാഗമായി മാറിയിരിക്കുന്നു. എന്നാൽ ഒരു മതത്തിന്റെ അംഗമായതുകൊണ്ട് ലോകത്തിന്റെ ഏകരക്ഷകനായ യേശുവിലൂടെ മാത്രം ലഭ്യമാകുന്ന നിത്യജീവൻ പ്രാപിക്കുന്നതിന് സാദ്ധ്യമല്ല. ഒരുവൻ ഒന്നുകിൽ വിവാഹിതൻ, അല്ലെങ്കിൽ അവിവാഹിതൻ. ഇതിനിടയിൽ ഒരവസ്ഥയില്ല. ഇതേ രീതിയിൽ, ഒരു വ്യക്തി ഒന്നുകിൽ രക്ഷിക്കപ്പെട്ടവൻ അല്ലെങ്കിൽ രക്ഷിക്കപ്പെടാത്തവൻ, ഒന്നുകിൽ ക്രിസ്തുവിൽ അല്ലെങ്കിൽ ക്രിസ്തുവിന് വെളിയിൽ. രക്ഷ അത്ഭുതകരമായ ഒരു മാറ്റമാണ്. നാം ക്രിസ്തുവിലായി തീർന്നെങ്കിൽ രക്ഷയുടെ ഭദ്രത നമുക്ക് സമ്പൂർണ്ണമായി ഉണ്ടായിരിക്കണം. രക്ഷയെ സംബന്ധിച്ചുള്ള ഉറപ്പ് ഇപ്പോൾ പറയാൻ സാധിക്കുകയില്ല എന്നാണ് ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട പലരും പറയുന്നത്. അങ്ങനെ പറയുന്നത് ദൈവാലയം കവർച്ച ചെയ്യുന്നതിന് തുല്യമാണെന്നാണ് അവരുടെ മതം. രക്ഷാ നിർണ്ണയം ഒരിക്കലും ഒരുവന്റെ പ്രവർത്തിയിലൂടെ ലഭിക്കുന്നതല്ല. നല്ല പ്രവർത്തികൾ ചെയ്ത് നാം രക്ഷ പ്രാപിക്കുകയല്ല ചെയ്യുന്നത്, പിന്നെയോ, രക്ഷ ദൈവം തന്നിൽ വിശ്വസിക്കുന്നവർക്ക് നൽകുന്ന ഒരു ദാനമാണ് കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേ യാകുന്നു( എഫേ 2:8)

രക്ഷയുടെ നിർണ്ണയം നമുക്കുണ്ടാകുന്നതിന്, നാം രക്ഷിക്കപ്പെട്ടവരാണെന്നും, നാം പൊടുന്നനവെ മരിച്ചാൽ ഉടനടി സ്വർഗ്ഗത്തിലേക്ക് പോകുമെന്നുമുള്ള സമ്പൂർണ്ണമായ നിശ്ചയം നമുക്കുണ്ടായിരിക്കേണം. രക്ഷയുടെ ഭദ്രത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ലോകത്തിന്റെ ഏകരക്ഷകനായ യേശുക്രിസ്തുവിനെ അവകാശമാക്കുക എന്നതാണ്. യേശുക്രിസ്തുവിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരുന്നവർക്ക് ദൈവത്തിന്റെ ജീവനായ നിത്യ ജീവൻ ലഭിക്കുന്നു. ഈ രക്ഷ നമ്മുടെ വർത്തമാന കാലത്ത് ആരംഭ ിച്ച് നിത്യതയിൽ തുടരുന്നതാണ്. ഞാൻ അവയ്ക്ക് നിത്യജീവനെ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല. അവയെ എന്റെ കയ്യിൽ നിന്നും ആരും പിടിച്ചു പറിക്കുകയുമില്ല (യോഹ 10:28,29) . കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുന്നവർക്ക് രക്ഷാ നിർണ്ണയം ലഭിക്കുന്നു (യോഹ 1:12, 3:16). പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട് (യോഹ 3:36).

രക്ഷയുടെ ഉറപ്പ് നമ്മുടെ വൈകാരികമായ അടിസ്ഥാനത്തിലുള്ളതാണോ? സാത്താൻ നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കുകയോ സ്വാധീനിക്കുകയോ ചെയ്യാം. ആരോഗ്യം, കാലാവസ്ഥ, സാഹചര്യങ്ങൾ, ചുറ്റുപാടുകൾ ഇവയെല്ലാം നമ്മുടെവൈകാരികതയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ചിലർക്ക് രക്ഷയിലേക്കുള്ള പ്രവേശനം വൈകാരിക ആവേശം നൽകാറുണ്ട്. മറ്റു ചിലർക്കാകട്ടെ ഈ അവസ്ഥയാതൊരു വൈകാരികതയ്ക്കും ഇടയാക്കുന്നില്ല. അതുകൊണ്ട് എന്തെങ്കിലും വൈകാരികതയെ രക്ഷ പ്രാപിച്ചതിന്റെ ലക്ഷണമായി കണക്കാക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ രക്ഷമൂന്നു കാര്യങ്ങളിലാണ് അടിസ്ഥനപ്പെട്ടിരിക്കുന്നത് .

**1. പരിശുദ്ധാത്മാവിന്റെ സാക്ഷ്യം.** നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു (റോമ 8:16). നാം രക്ഷിക്കപ്പെടുന്നതിനു മുമ്പേ പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീ

തിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നമ്മെ ബോധ്യപ്പെടുത്തുന്നു. എന്നാൽ ഒരുവൻ രക്ഷയുടെ അനുഭവത്തിലേക്ക് വന്നതിനു ശേഷം പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയ്ക്ക് മാറ്റം വരുന്നു. രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന്റെ ആത്മാവിനോട് പരിശുദ്ധാത്മാവ് സമാധാനം സംസാരിക്കുകയും താൻ യഥാർത്ഥമായും യേശുക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ള ആന്തരികമായ സ്വസ്ഥത അവന് നൽകുകയും ചെയ്യുന്നു. 'നിങ്ങൾ മക്കളാകകൊണ്ട് അബ്ബാ പിതാവെ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു' (ഗലാ 4:6). അബ്ബാ എന്ന പദം ദൈവവുമായുള്ള നമ്മുടെ അടുത്ത ബന്ധത്തെ കാണിക്കുന്നു. നാം ഇപ്പോൾ ദൈവമക്കളാകുന്നു എന്ന് പരിശുദ്ധാത്മാവ് മൗനമായ സ്വരത്തിൽ നമ്മോടു പറയുന്നു.

**ദൈവവചനം.** പരിശുദ്ധാത്മ പ്രേരിതമായി ആലേഖനം ചെയ്യപ്പെട്ട സത്യവേദപുസ്തകം യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് രക്ഷിക്കപ്പെട്ട വ്യക്തി ദൈവമകനും നിത്യജീവന് അവകാശിയുമാണെന്ന് സാക്ഷ്യം പറയുന്നു. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് ഞാൻ ഇത് എഴുതിയിരിക്കുന്നത് നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനു തന്നേ(1 യോഹ 5:13). സാത്താൻ വന്ന് നിങ്ങളുടെ രക്ഷയെക്കുറിച്ച് സംശയം ഉന്നയിച്ചാൽ, ഈ വാക്യത്തിൽ നിങ്ങളുടെ വിരൽവെച്ച് കെണ്ട് സാത്താനെ ശാസിക്കുക അവൻ നിശ്ചയമായും നിങ്ങളെ വിട്ടോടിപ്പോകും. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അവൻ ശിക്ഷാവിധിയിലാകാതെ മരണം വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു (യോഹ 5:24). പാപങ്ങൾ നീക്കിയാൽ സ്വർഗ്ഗത്തിലേക്കുള്ള പാത തുറക്കപ്പെടുകയും അത് വ്യക്തമായി തീരുകയും ചെയ്യുന്നു. വിശ്വാസത്തിന്റെ ദൈവീക വ്യവസ്ഥ പാലിക്കുന്ന ഏവനും നീതികരിക്കപ്പെടുന്നു (അ.പ്ര 13:39). കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (റോമ 10:13).

**മാറ്റപ്പെട്ട ജീവിതം.** നമ്മുടെ ചുറ്റുപാടിലും ഉള്ളവർ കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്കുണ്ടായ മാറ്റം കാണുകയും നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന ഉറപ്പ് നമ്മുടെ സ്വന്തം ഹൃദയത്തിൽ സംജാതമാകുകയും ചെയ്യുന്നു. അങ്ങനെ നാം യഥാർത്ഥത്തിൽ ദൈവപൈതലായി അഥവാ ക്രിസ്തുവിലൂടെയുള്ള വീണ്ടും ജനനം പ്രാപിച്ചവരായി തീർന്നിരിക്കുന്നു. നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ അറിയാം (1 യോഹ 3:14). നാം രക്ഷിക്കപ്പെട്ടു എന്നതിന്റെ വ്യക്തമായ തെളിവാണത്. വിശ്വാസി ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാണ്. പുതിയ സ്നേഹം, പുതിയ ഇഷ്ടാനിഷ്ഠങ്ങൾ, ഇതുവരെ വളരെ താല്പര്യമായിരുന്ന പലതിനോടും വെറുപ്പുണ്ടാക്കുക എന്നിവയെല്ലാം ഒരു രക്ഷിക്കപ്പെട്ട വ്യക്തിയിൽ പ്രകടമാകുന്നു. ദുസ്വഭാവങ്ങളുടെ ശക്തിയും സാന്നിദ്ധ്യവും അവനിൽ നിന്നും നീക്കപ്പെടുന്നു. ഇവയെല്ലാം നാം വാസ്തവമായി രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ സ്ഥിരീകരണങ്ങളാണ്.

**രക്ഷാ നിർണ്ണയത്തിനുള്ള പ്രതിബന്ധങ്ങൾ**

1. ദൈവവചനത്തെ വിശ്വസിച്ചാശ്രയിക്കുന്നതിലെ പരാജയം. ഞാൻ വാസ്തവമായി രക്ഷിക്കപ്പെട്ടവനെങ്കിൽ ദൈവം എന്റെ വിശ്വാസത്തെ വർദ്ധിപ്പിച്ചു തരേണ്ടതിനും, ബൈബിൾ പറയുന്നത് വിശ്വസിപ്പാൻ എന്നെ സഹായിക്കേണ്ടതിനും പ്രാർത്ഥിക്കേണ്ടതാണ്.

**2. ആത്മീയമായ മയക്കം.** ജോൺ ബനിയൻ എഴുതിയ പരദേശിമോക്ഷയാത്ര ഉറങ്ങിപ്പോയ ക്രിസ്ത്യാനിക്ക് തന്റെ ചുരുൾ നഷ്ടപ്പെട്ടതിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു. പലപ്പോഴും വിശ്വാസി ആത്മീയ നിദ്രയിൽ നിമഗ്നരായിട്ട് തങ്ങളുടെ സന്തോഷവും രക്ഷാ നിർണ്ണയവും തനിക്ക് നഷ്ടമാകാറുണ്ട്. ഈ അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു എങ്കിൽ, പാപങ്ങളെ കർത്താവിനോട് ഏറ്റുപറഞ്ഞ് വീണ്ടും

ശേഷം പേജ് 17-ൽ

# Why Are Christians Called To Be Salt and Light?

What did it mean when Jesus said that we are the light of the world? What was the meaning of believers being salt in the world? What is behind these teachings of Jesus?

Are You Worth Your Salt?

In Matthew 5:13 Jesus said “You are the salt of the earth; but if the salt loses its flavor, how shall it be seasoned? It is then good for nothing but to be thrown out and trampled underfoot by men.”

In ancient times, people were paid by salt and salt was at one time a currency. Salt was paid to Roman soldiers and those who weren’t “worth their salt” received little but those who were worthy received their full allotment, if however salt loses its saltiness it is worthless (v 13). It’s good for nothing more than “to be thrown out and trampled underfoot by men.” When salt lost its saltiness, it was mixed together with gypsum and used to seal roofs in ancient times. The roofs were like another room that the family often used as a family room or as a porch. The word gypsum means “bitter” and the analogy is that when Christians become bitter, their saltiness is lost and they are not good for much more than repairing a leaky roof and only to be trodden under foot. Salt that is tainted is also used for roads as it absorbs moisture and makes the road that much harder. When Christians become tainted by unrepentant sin they are hardened. These types of believers are despised by all, including none believers, and are going to be “trampled underfoot.” No wonder Paul said that our speech is to be seasoned with salt (Col 4:6).

This salt we present to others, in the Person of Jesus Christ, is the flavor of the One Who is ready to forgive and cleanse them from the putrid effects of sin. Today, the world is in desperate need of this salt because it is corrupt.

Salt Essential for Life

Did you know that salt (sodium chloride) is the only element that is found in every single cell in the human body? Without salt, humans would die. Indeed, most every organism known to man needs at least some salt to be able to survive. Jesus understood this and that’s why He said that salt is good (Mk 9:50). As the Creator of life, He knew that salt is essential to human life but why does Jesus say that we are to be the salt of the earth or world? That which Jesus said in Matthew 5:13 and Paul repeats in Colossians 4:6 means that if our speech is salted among believers and the unsaved, then we can have peace with one another and maybe even with non-believers (Mk 9:50). This means that our salt can enhance the flavor of any conversation and edify any serving opportunity in the church or the world. This does not mean that we’re to be pouring spoonful after spoonful of salt down people’s throats. Too much salt ruins the flavor but just enough salt can make things more palatable. You can lead a horse to water, but you can’t make him drink…but you can feed him salty peanuts.

Another thing that salt does is that it preserves foods from spoilage and prevents it from being deadly…only good for feeding the pigs. Salt has been used as a preservative for thousands of years and it still is today. Salt acts as a preservative in more than one way. Salt can preserve the life of others for eternity and will prevent mortal decay if we are lightly salting our speech. This type of salt saves the souls of others from eternal destruction and ruin. Do you see the implications of witnessing to a lost, unsalted (and unsaved) world?

**Contd. on Page 18**

ജീവചരിത്രപംക്തി

# ചാൾസ് സ്പർജൻ



## അദ്ധ്യേതാവും അദ്ധ്യാപകനും

**ജീ**വിതത്തിൽ വിജയിക്കണമെങ്കിൽ ഒരാൾ തന്റെ മാതാപിതാക്കളുടെ തിരഞ്ഞെടുപ്പിൽ ശ്രദ്ധാലുവാകണമെന്ന് വാർഡ് ബീച്ചർ പറഞ്ഞിട്ടുണ്ട്. തന്റെ മാതാപിതാക്കളെ തെരഞ്ഞെടുക്കാൻ സ്പർജന് അനുവാദം ലഭിച്ചിരുന്നുവെങ്കിൽ, തനിക്കു നൽകപ്പെട്ടവരിൽ നിന്നും അതീതമായി മറ്റാരെയും തിരഞ്ഞെടുക്കാൻ അയാൾക്കു കഴിയുമായിരുന്നില്ല. വീട്ടിൽ നിന്നു തന്നെയാണ് സപർജന് തന്റെ പ്രാഥമിക വിദ്യാഭ്യാസം കിട്ടുന്നത്. ആദ്യഗുരുവായ അയാളുടെ പിതാമഹൻ ഉദാഹണങ്ങളും തന്റെ ധാരണയുടെ ബഹിർസ്ഫുരണങ്ങളും കൊണ്ടുള്ള ഒരു രീതിയായിരുന്നു അവലംബിച്ചിരുന്നത്. അയാളുടെ മാതാപിതാക്കളും അതേ പദ്ധതി തന്നെ പിൻതുടരുന്നു.

സ്കൂളിൽ പഠിക്കുന്ന കാലത്ത് ഒരിക്കൽ സ്പർജന് ഒരു പെൻസിൽ ആവശ്യമായി വന്നു. അതു വാങ്ങാൻ കൈയിൽ പണവുമില്ലായിരുന്നു. ഈ സംഭവം സ്പർജന്റെ വാക്കുകളിൽ: തീരെ ശ്രദ്ധയില്ലാത്ത ഒരു പയ്യനായിരുന്നു ഞാൻ. കൂടെക്കൂടെ പെൻസിൽ നഷ്ടപ്പെടുത്തുന്നതിനു ശകാരം കേൾക്കുന്നതിനെ ഞാൻ യപ്പെട്ടു. വീട്ടിൽ ചോദിക്കാൻ ധൈര്യവുമില്ലായിരുന്നു. എനിക്കു ചെയ്യാവുന്നതായി മറ്റൊന്നുമില്ലായിരുന്നു. സ്ഥലത്ത് പ്രായം ചെന്ന ഒരു മിസിസ്സ്. പിയേഴ്സൺ നടത്തിയ അണ്ടിപ്പരിപ്പ്, കേക്ക്, പമ്പരം, പന്ത് തുടങ്ങിയവയൊക്കെ വിൽക്കുന്ന ഒരു കൊച്ചുകടയുണ്ടായിരുന്നു. ക്രിസ്തുമസാണ് വരുന്നത്, ഒരാൾ അല്ലെങ്കിൽ മറ്റൊരാൾ, അങ്ങനെ ആരെങ്കിലും എനിക്കു പോക്കറ്റു മണി തരാതിരിക്കില്ല. അതുകൊണ്ട് ഞാൻ ഒരു സ്ലേറ്റ് പെൻസിൽ കടമായി വാങ്ങുകയും ക്രിസ്തുമസ് വരുമ്പോൾ അതു വീട്ടുകയും ചെയ്യും. അത് എനിക്ക് അത്രയ്ക്ക് സുഖമുള്ളതായി തോന്നിയില്ലെങ്കിലും ഞാൻ എന്റെ ധൈര്യത്തെ മുറുക്കിക്കൊണ്ട് കടയിൽ ചെന്നു ഒരു പെൻസിൽ കടം വാങ്ങി.

തന്റെ മകന്റെ പെരുമാറ്റരീതിയിലുള്ള എന്തെങ്കിലും ഒരു അപാകത സ്പർജന്റെ പിതാവിൽ സംശയമുണർത്തിയിരുന്നേക്കാം. സത്യമറിയണമെന്ന് അയാൾ ശഠിച്ചു. കടത്തിന്റെ തിന്മകളെക്കുറിച്ചുള്ള ശക്തമായ ഒരു പ്രസംഗമാണ് പിന്നീട് അവിടെ അരങ്ങേറിയത്. അത് എങ്ങനെ ഒരു ശീലമായി മാറാമെന്നും ഒരുത്തന്റെ കുടുംബത്തിന് നാശവും അപമാനവും (ചിലപ്പോൾ അയാൾക്കുള്ള ജയിൽ ശിക്ഷയും) കൊണ്ടുവരാമെന്നും മറ്റും മറ്റും. പാവം ചാൾസ്! ഒരിക്കലും കടം വാങ്ങാതിരിക്കാൻ സ്പർജന് ഈ പാഠം മാത്രം മതിയായിരുന്നു. അവൻ ആ കടക്കാരന് പൈസ അന്നു തന്നെ തിരികെ കൊടുക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിന്റെ വില ഈ കുട്ടി നന്നായി മനസ്സിലാക്കിയിരുന്നു. ആറാം വയസ്സിൽ മറ്റു കുട്ടികൾക്ക് ഒരു സിലബസിലെ വാക്കുകൾ മാത്രം ഉച്ചരിക്കുവാൻ കഴിഞ്ഞിരുന്നപ്പോൾ സ്പർജൻ ഊന്നലുള്ള ഘനോച്ചാരണത്തോടെ വായിക്കുമായിരുന്നുവെന്ന് തന്റെ ഈ അനന്തരവനുമേൽ വാത്സല്യം വാരിച്ചൊരിഞ്ഞിട്ടുള്ള മിസ്. ആൻസ്പർജൻ പറഞ്ഞിട്ടുണ്ട്. തന്റെ സഹപാഠികൾക്ക് പലർക്കും നിഷേധിക്കപ്പെട്ട ചില പ്രത്യേക അവകാശങ്ങൾ സ്പർജനു ലഭിച്ചിരുന്നു. ഏറ്റവും നല്ല അദ്ധ്യാപകരുടെ കീഴിലായിരുന്നു അവൻ. ഏതാനും വർഷങ്ങൾക്കകം തന്നെ ക്കാൾ പ്രായം കൂടിയ വി

ശേഷം പേജ് 17-ൽ

# കുടിച്ചു പായുന്ന കേരളം

തുടർച്ച ...

## റോഡിൽ പൊലിയുന്ന ലഹരി

ഷോട്ട് മദ്യങ്ങൾ കഴിച്ചവരിൽ 4 ശതമാനം മൂന്ന് ലാർജ് കഴിച്ചവരും 2 ശതമാനം ആറ് ഡ്രിങ്കുകൾ കഴിച്ചവരും ആയിരുന്നു. മദ്യപിച്ച് വാഹനാപകടം ഉണ്ടാക്കിയവരിൽ 64 ശതമാനവും ബാറിൽ നിന്നാണ് മദ്യപിച്ചതെന്നും കണ്ടെത്തി. പാർട്ടികളിൽ മദ്യപിച്ചവർ 16 ശതമാനം മാത്രമായിരുന്നു . 12 ശതമാനം വീട്ടിൽ നിന്ന് മദ്യപിച്ചവരുമായിരുന്നു. പഠനത്തിന്റെ ഭാഗമായി നടത്തിയ പൊലീസ് പരിശോധനയിൽ സംശയിച്ച് പരിശോധിച്ചവരിൽ 65 ശതമാനവും അല്ലാത്തവരിൽ 35 ശതമാനവും മദ്യപിച്ചവരാണന്നായിരുന്നു കണ്ടെത്തൽ. പമ്പ് കൾച്ചറിന് പേര് കേട്ട ബാംഗ്ലൂർ പട്ടണത്തിൽ മാത്രം 2001-2005 കാലയളവിൽ മദ്യപിച്ച് വാഹനമോടിച്ചതുമായി ബന്ധപ്പെട്ട റജിസ്റ്റർ ചെയ്ത കേസുകൾ 9900 ൽ നിന്നും 33000 ആയാണ് ഉയർന്നത്.

മദ്യപിച്ച് വാഹനമോടിച്ചവരിൽ 98 ശതമാനം പേരും മദ്യപിച്ച ശേഷം വാഹനമോടിക്കുന്നതിനെക്കുറിച്ച് ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇവരിൽ 97 ശതമാനം പേർക്കും മദ്യപിച്ച് വാഹനമോടിച്ചാൽ ശിക്ഷ ലഭിക്കുമെന്നും അത് അപകടമാണെന്നും അറിയാവുന്നവരുമായിരുന്നു. അപകടങ്ങൾ വിലകൊടുത്ത് വാങ്ങുന്നതാണെന്ന് സാരം.

മദ്യപാനി വാഹനവുമെടുത്ത് റോഡിലിറങ്ങുമ്പോൾ റിസ്കിലാവുന്നത് അയാളുടെ ജീവൻ മാത്രമല്ല, മറ്റ് നിരപരാധികളുടേതുമാണ്. വാഹനാപകടങ്ങളിൽ മരിക്കുന്ന കാൽനടയാത്രക്കാരിൽ 32 ശതമാനവും ടൂവീലർ യാത്രക്കാരിൽ 40 ശതമാനവും സൈക്കിൾ യാത്രക്കാരിൽ 30 ശതമാനവും കൊല്ലപ്പെടുന്നത് വൈകിട്ട് 6നും പുലർച്ചെ 6നും ഡ്രൈവിങ്ങാണെന്ന് മോഹൻ, ബാവ എന്നിവർ ചേർന്ന് പൊലീസ് രേഖകൾ പരിശോധിച്ച് ബാംഗ്ലൂരിൽ നടത്തിയ പഠനത്തിൽ കണ്ടെത്തൽ മദ്യപിച്ചുള്ള ഡ്രൈവിങ് സമൂഹത്തിലുണ്ടാക്കുന്ന ആഘോഷത്തിന്റെ നേർസാക്ഷ്യമാണ്.

**വിവാഹമോചനകേസുകളിൽ 350 ശതമാനം വർദ്ധനവ്**

കഴിഞ്ഞ 10 വർഷം കൊണ്ട് കേരളത്തിലെ വിവാഹമോചനക്കേസുകളിൽ 350 ശതമാനം വർദ്ധനവാണ് ഉണ്ടായത്. ഓരോ വർഷവും ശരാശരി 20 ശതമാനം കേസുകൾ വർധിക്കുന്നു. 2011 ജനുവരി മുതൽ 2012 ജനുവരി വരെ മാത്രം 44236 വിവാഹമോചന കേസുകൾ കേരളത്തിലെ കുടുംബകോടതികളിലെത്തിയെന്ന് നിയമസഭയിൽ പറഞ്ഞത് മുഖ്യമന്ത്രി തന്നെയാണ്. സംസ്ഥാനത്തു നടക്കുന്ന വിവാഹമോചനങ്ങളിൽ ഇപ്പോഴും പ്രധാനപ്പെട്ട ഒരു കാരണം മദ്യപാനമാണെന്ന് കുടുംബകോടതികളിലെ കേസുകൾ സാക്ഷ്യപ്പെടുത്തുന്നു.

കൊല്ലത്തും കോട്ടയത്തും ആലപ്പുഴയിലുമൊക്കെ ബഹു ഭൂരിപക്ഷം വിവാഹമോചന കേസുകൾക്കും കാരണം പുരുഷ പങ്കാളികളുടെ മദ്യപാനമാണ്. കേരളത്തിലെ വിവാഹമോചനങ്ങലിൽ 80 ശതമാനത്തിനും കാരണം മദ്യപാനമാണെന്ന് ഇന്ത്യൻ ആൽക്കഹോൾ പോളിസി അലയൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ ജെ എടയാറന്മുള പറയുന്നു.

സംസ്ഥാനത്തെ പുരുഷ ജനസംഖ്യയിൽ 48 ശതമാനവും മദ്യപാനികളാണെന്നാണ് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ശാസ്ത്രസാഹിത്യപരിഷത്ത് നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. മദ്യപാനിയുടെ അടിയും ഇടിയും കൊണ്ട് കണ്ണീരും കയ്യുമായി അടങ്ങി ഒതുങ്ങിക്കഴിയാൻ പുതു മലയാളി വനിത ഇന്ന് തയ്യാറല്ല. അതുകൊണ്ട് മദ്യപാനം മൂലമുള്ള വിവാഹമോചനം ഇനിയും കൂടാനേ വഴിയുള്ളു.

**വിവാഹമോചനം എല്ലാ വിഭാഗങ്ങളിലും**

മദ്യപാനത്തിന്റെ ദുരിതം മൂലം വിവാഹമോചനം നേടുന്നവരിൽ എല്ലാതരം കുടുംബങ്ങളും ഉണ്ട്. വിദ്യാഭ്യാസമുള്ളവരും സമ്പന്നരും വ്യത്യസ്ത മതവിഭാഗങ്ങളിൽപെടുന്നവരും ഒക്കെ. മദ്യപാനം മൂലമുള്ള വിവാഹമോചനങ്ങളിൽ മദ്യലഹരിയിലുള്ള അതിക്രമങ്ങളും സംശയരോഗവുമൊക്കെയാണ് പലപ്പോഴും ദാമ്പത്യബന്ധം ശിഥിലമാക്കുന്നത്. മദ്യപാനം മൂലമുള്ള സാമ്പത്തിക തകർച്ച, രോഗങ്ങൾ തുടങ്ങിയവയും ദാമ്പത്യത്തിന്റെ അടിവേരിളക്കുന്നു. ഭർത്താവും പിതാവും എന്ന നിലയ്ക്കുള്ള ഉത്തരവാദിത്തങ്ങൾ മദ്യപാനി മറക്കുമ്പോൾ കുടുംബഭാരം ഒട്ടുമിക്കപ്പോഴും ഭാര്യയുടെ ചുമലിലാകുന്നു. ഒപ്പം മർദ്ദനങ്ങൾ കൂടിയാകുമ്പോൾ വിവാഹമോചനമാണ് നല്ലതെന്ന തോന്നൽ സ്ത്രീകളിൽ ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളു.

തുടർച്ച പേജ് **15-** ൽ നിന്നും

ദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് ചാൾസ് പ്രാപ്തനാവുകയുണ്ടായി എന്നതിൽ പഠിപ്പിൽ അവനുണ്ടായിരുന്ന താല്പര്യത്തിന്റെ ആക്കം മനസ്സിലാക്കാമല്ലോ?

ബോർഡിംഗ്സ് സ്കൂളിലെ തന്റെ ആദ്യ രാത്രിയിൽ തന്റെ സമ്പ്രദായമനുസരിച്ച് കിടക്കാൻ പോകുന്നതിനു മുമ്പുള്ള പ്രാർത്ഥനക്കായി മുട്ടുകുത്തിയ സ്പർജനു മേൽ സഹവിദ്യാർത്ഥികളിൽ നിന്നും ചെരിപ്പേറുണ്ടായി. ചാടിയെഴുന്നേറ്റ സ്പർജൻ കൈയിൽ കിട്ടിയവരെയൊക്കെ മർദ്ദിക്കാൻ തുടങ്ങി. പല കുട്ടികളും നിലം പരിശായപ്പോൾ അയാൾ അവർക്കിടയിലായി മുട്ടുകുത്തി. ശല്യമൊന്നുമില്ലാതെ തന്റെ പ്രാർത്ഥന പൂർത്തിയാക്കി. പിന്നീട് ഒരിക്കലും ഒരു തടസ്സവും ഈ വിഷയത്തിൽ ഉണ്ടായതുമില്ല.

തങ്ങളുടെ കുട്ടികൾക്കു നൽകാൻ തങ്ങളാൽ കഴിയുന്ന ഏറ്റവും നല്ല വിദ്യാഭ്യാസം അവർക്ക് ഉറപ്പു വരുത്താൻ വലിയ ത്യാഗമനുഷ്ഠിച്ചവരായിരുന്ന സ്പർജന്റെ മാതാപിതാക്കൾ. തന്റെ സുഹൃത്തുക്കളുടെ പ്രേരണയാൽ തന്റെ പതിനേഴാം വയസ്സിൽ ഒരു സ്കൂൾ സ്ഥാപിക്കുകയെന്ന സാഹസത്തിനും സ്പർജൻ മുതിരുകയുണ്ടായി.

തുടർച്ച പേജ് **13**-ൽ നിന്നും

ആത്മീയ ജീവിതം ആരംഭിക്കേണ്ടതാണ് (1 യോഹ 1:9).

**3.ലോകമയത്വം.** ലോകസ്നേഹം ദൈവത്തോടും വചനത്തോടും പ്രാർത്ഥനയോടും നമുക്കുള്ള താല്പര്യത്തെ ഇല്ലാതാക്കുന്നു.

**4. പരിശുദ്ധാത്മനിറവിന്റെ അപര്യാപ്തത** (യോഹ 7:37-39). നമ്മുടെ ജീവിതത്തെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ഏല്പിച്ചു കൊടുക്കാത്തതുകൊണ്ട് പരിശുദ്ധാത്മ നിറവു പ്രാപിക്കുവാൻ കഴിയാതെ പോകുന്നു. ഇതിനുള്ള പരിഹാര മാർഗ്ഗം നമ്മുടെ ഇച്ഛാശക്തിയെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനായി സമർപ്പിക്കുകയാണ്, പരിശുദ്ധാത്മാവ് നമ്മെ സകലസത്യത്തിലും വഴി നടത്തും.

രക്ഷാ നിർണ്ണയം നമ്മെ ശക്തരായ വിശ്വാസികളാക്കി മാറ്റുന്നു. ഞാൻ രക്ഷിക്കപ്പെട്ടവനാണെന്ന് എനിക്കറിയാം എന്ന് പറയുവാൻ വിനയം അനിവാര്യമാണ്. ദൈവത്തിന്റെ കൃപയാലും കരുണയാലും മാത്രമേ അത് ചെയ്യുന്നതിന് ഒരുവന് ഇടയാകുകയുള്ളു.

തുടർച്ച പേജ് **10**-ൽ നിന്നും

തുടങ്ങിയ ഗർഹണീയമായ കുറ്റങ്ങൾ ഏദോം യഹൂദായിക്കെതിരായി ചെയ്യുകയുണ്ടായി. ഒബദ്യാവിന്റെ അദ്ധ്യായത്തിലെ 21 വാക്യങ്ങളിൽ ഏദോമിനോടുള്ള ന്യായവിധി മുഴങ്ങുന്നു. വിദ്വേഷത്തിന്റെ ഗാനം എന്ന് ഈ പുസ്തകത്തെക്കുറിച്ച് എഴുത്തുകാരൻ പറയുന്നു. അത് തികച്ചും ശരിയല്ല. സഹോദരസ്നേഹത്തിന് എതിരു കാട്ടുന്നവരുടെ മേലുള്ള ദൈവത്തിന്റെ കോപം വെളിപ്പെടുത്തുകയാണ്.

*

Continued from Page 14

Salt also enhances flavor. I cut back on salt several years ago but it took me 2 to 3 years to get used to foods without added salt. In a similar fashion, it takes time to savor our speech and our witness with salt. It doesn't happen overnight. I still love it on tomatoes because it enhances their flavor. So too can we be a sweet savor to other's lives with the sweet, salty speech of the Gospel of Jesus Christ. This salt we present to others, in the Person of Jesus Christ, is the flavor of the One Who is ready to forgive and cleanse them from the putrid effects of sin. Today, the world is in desperate need of this salt because it is corrupt. Wherever salt touches, it always serves to enhance and compliment whatever it comes into contact with. Is that like us?

Another reason Jesus may have said that we are the salt of the earth is that salt is also a cleanser. Many people use crushed ice and salt to clean coffee pot stains. Salt water is great solution to kills germs. People gargle with warm salt water for medicinal purposes and by doing so, can sometimes eliminate a sore throat. Many medicines that doctors still prescribe contain salt and it's frequently used as a wound sterilizer because it disinfects. By analogy, we can tell others about the One Who has cleansed us from our fatal sin-sickness because by His wounds we are healed (Isaiah 53:5).

Finally, it is worth reminding ourselves that too much salt is unpalatable and can ruin foods and so my witness can be unsavory to non-believers and leave a bad taste in their mouth if I overdo it. A few times in school someone pranked me by unscrewing the top of the salt shaker and when I wanted to add a touch of salt, all of the salt in the shaker was dumped onto my lunch…essentially rendering it useless. Likewise, too much salt is going to leave a bad taste in people's mouths. No one likes to be force fed anything and nowhere in the Bible did Jesus ever force Himself on anyone or make someone to listen to Him. The gospel is never good when forced upon people. Jesus' message of salvationwas always offered freely to anyone who would believe (John 3:16). Salt is good but it must get out of the shaker. That means we are not salt to a lost world unless we get out and make contact with those who need this salt.


## പ്രാർത്ഥനാ സഹായി

സുവാർത്താ സെന്ററിൽ പ്രാർത്ഥനാ സെൽ പ്രവർത്തിച്ചു വരുന്നു. എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 5 വരെ വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

*നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ ഞങ്ങൾക്കെഴുതുക*

**സുവാർത്താ സെന്റർ**

**മല്ലപ്പള്ളി വെസ്റ്റ് പി.ഒ.**

**ഫോൺ : 9961359567**


## ബൈബിൾ ക്ലാസ്

| | | |
|---|---|---|
| തീയതി | : | 2015 നവംബർ 2,3,4 (തിങ്കൾ, ചൊവ്വ, ബുധൻ) |
| സമയം | : | 6.30 p.m to 8.30 p.m |
| സ്ഥലം | : | സുവാർത്താ സെന്റർ, മല്ലപ്പള്ളി |
| പ്രസംഗകൻ | : | പാസ്റ്റർ.ബാബു ചെറിയാൻ, പിറവം |
| വിഷയം | : | ക്രിസ്തുവിൽ വളരുക |
| സംഘാടകർ | : | മല്ലപ്പള്ളി യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (MUPF) |

**എവർക്കും സ്വാഗതം**

**വിവരങ്ങൾക്ക്:** 9447525138, 9447595621

# മരണാനന്തരമുള്ള നിത്യത

**ജീ**വിതത്തിൽ നിരവധി തീരുമാനങ്ങൾ എടുക്കുന്ന എല്ലാവരും മരണശേഷം സംഭവിക്കുവാൻ പോകുന്നതിനെക്കുറിച്ച് ചിന്തിക്കുന്നവരാണ്. അതിനായി നാം എന്തു തീരുമാനങ്ങൾ എടുക്കേണം എന്ന് ചോദിക്കുന്നവരെയും കാണുന്നതിനായി സാധിക്കുന്നു. എന്നാൽ ജീവിച്ചിരിക്കുമ്പോൾ ഒരാൾ സ്വീകരിക്കുന്ന തീരുമാനങ്ങളും, ജീവിതവും അനുസരിച്ചാണ് മരണശേഷം ഒരു വ്യക്തിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾക്ക് തീരുമാനമുണ്ടാകുന്നത്. മരണാനന്തരം എന്തായാലെന്താണ് എന്നു ചോദിക്കുന്നവരും, മരണം കൊണ്ട് എല്ലാം തീർന്നു എന്ന് വിധികല്പിക്കുന്നവരും മനുഷ്യരുടെ ഇടയിൽ വിരളമല്ല.

എന്നാൽ വിശുദ്ധ ബൈബിൾ അസന്നിഗ്ദമായി പറയുന്നു. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു (എബ്രാ 9:27). അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി 5:10). ലോകത്തിൽ മനുഷ്യന്റെ തെറ്റുകൾക്കനുസരിച്ച് ശിക്ഷിക്കുവാൻ ഒരു കോടതിയുണ്ടെങ്കിൽ, ദൈവം മനുഷ്യനായി ഒരു ന്യായവിധി ഒരുക്കിയിരിക്കുന്നു എന്നത് വിശ്വസിക്കുന്നതിനും ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. സ്നേഹവാനായ ദൈവം മനുഷ്യനെ ശിക്ഷിക്കുമോ എന്ന സന്ദേഹം ഉന്നയിക്കുന്നവരുണ്ട്. അതെ, മക്കളോടുള്ള സ്നേഹം കൊണ്ടു തന്നെയാണ് അപ്പനമ്മമാർ അവരെ ശിക്ഷിക്കുന്നത്. അതുപോലെ ദൈവത്തിന്റെ മനുഷ്യരോടുള്ള സ്നേഹവായ്പിന്റെ പരിണിതഫലം തന്നെയാണ്, ദൈവീകശിക്ഷയും.

**നിത്യത തീരുമാനിക്കുക.**

നിത്യത എന്ന വാക്ക് ദൈവത്തിന്റെ ഡിക്ഷനറിയിലെ പദമാണ്. ലോകത്തിൽ നിത്യമായത് ഒന്നുമില്ല. എന്നാൽ ദൈവം നിത്യനാണ്. പാപത്തിൽ ജീവിക്കുന്ന വ്യക്തി അന്ത്യന്യായ വിധിക്കുശേഷം നിത്യമായ നരകത്തിൽ എത്തുമ്പോൾ ദൈവവചനം പ്രമാണിച്ച് ജീവിച്ചവർ നിത്യസ്വർഗ്ഗത്തിൽ എത്തുന്നു. നരകവും സ്വർഗ്ഗവും നിത്യമാണ്. ഇരുളും വെളിച്ചവും, പകലും രാത്രിയുമെന്നതുപോലെ, സ്വർഗ്ഗവും എതിർദിശകളിൽ പ്രവർത്തിക്കുന്നു.


**നിങ്ങളുടെ നിത്യത സ്വയം തീരുമാനിക്കേണം.** ഇതുവരെയും നിത്യതയെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ലായെങ്കിൽ ആയത് ഇന്നു തന്നെ ചെയ്യുക. കാരണം, നിങ്ങളുടെ ഇന്നത്തെ തീരുമാനവും ജീവിതവും, നിങ്ങളുടെ നിത്യത എവിടെയാണെന്ന് നിശ്ചയിക്കപ്പെടുന്നു.മറ്റൊരുത്തനിലും രക്ഷ ഇല്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴെ  ഭൂമിക്കു മീതെ യേശു എന്ന നാമമല്ലാതെ മറ്റൊരു നാമവും ഇല്ല (അ.പ്ര 4:12). യേശു പറയുന്നു: ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു (യോഹ 14:7). നിങ്ങൾ നിത്യസ്വർഗ്ഗത്തിനവകാശിയാകാൻ  ആഗ്രഹിക്കുന്നുവെങ്കിൽ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതായുണ്ട്. നേരേമറിച്ച്, നിത്യനരകമാണ് ആഗ്രഹിക്കുന്നതെങ്കിൽ, ഇപ്പോൾ യാത്ര ചെയ്യുന്ന പാത തന്നെ ആയതിന് പര്യാപ്തമാണ്.

നിങ്ങളുടെ നിത്യത നിങ്ങൾക്ക് സ്വയം തിരഞ്ഞെടുക്കുവാനുള്ള അനുവാദം ദൈവം തന്നിരിക്കുന്നു. സ്വർഗ്ഗം എന്നത്  ദൈവത്തിനായി ജീവിക്കുന്നവരുടെ അവകാശമാണ്. നരകത്തെ ഭയന്ന് സ്വർഗ്ഗം പൂകാനാഗ്രഹിക്കുന്നതല്ല ശരി. മറിച്ച് എന്നെ സൃഷ്ടിച്ച എന്റെ പിതാവായ ദൈവത്തോടൊത്ത് ജീവിക്കണമെന്ന ആഗ്രഹമാണ് നമ്മിൽ ഉരുവാകേണ്ടത്. ദൈവം മനുഷ്യന് നിത്യരക്ഷ പ്രാപിക്കാൻ നൽകിയിരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിനെയാണ്. തന്റെ ഏകജാതനായ പുത്രനിൽ (യേശുവിൽ) വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ 3:16)

Suvartha Dhodan
Church News Bulletin
Vol. 8
Issue No. 10
Price Rs. 10/-
RNI.No. KERBIL/2009/30157
Postal Reg. No. KL/TLA/231/2013-15
Date of Publication: 19/10/2015

# സുവാർത്താ ചർച്ച് കൊയിലാണ്ടിയിൽ നടന്ന സ്നാന ശുശ്രൂഷ





Printed, Published and Owned by V.S. Varghese, Suvartha Centre, Mallappally West P.O., Kerala-689 585 Printed at Evangel Press, Ramanchira, Tiruvalla, Tel : 0469-2630223, and published at Suvartha Centre, Mallappally West P.O., Kerala 689 585, Editor: Jiji Daniel